പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5327 15.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി യെ ലാഭത്തിലാക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജീവനക്കാർക്ക് യഥാസമയം മാസ ശമ്പളം പോലും നൽകാൻ കഴിയാത്ത ദയനീയമായ അവസ്ഥയിലാണോ നിലവിൽ കെ.എസ്.ആർ. ടി.സിയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് കോർപ്പറേഷന്റെ സ്വന്തം വരുമാനത്തിൽ നിന്ന് ലഭിക്കുന്ന തുകയും പ്രതിമാസം സർക്കാർ വായ്പയായി നൽകുന്ന ധനസഹായവും കൊണ്ടാണ്. കെ.എസ്. ആർ.ടി.സി.യുടെ പ്രതിദിന ശരാശരി വരുമാനം 6.30 കോടി രൂപയാണ്. ആയതിൽ ശരാശരി 5.20 കോടി രൂപ പ്രതിദിന ചെലവിനത്തിൽ വിനിയോഗിക്കുന്നു. ബാക്കി വരുന്ന ശരാശരി 1.10 കോടി രൂപയിൽ നിന്നുമാണ് ശമ്പളം നൽകിവരുന്നത്. ശമ്പളവും വേതനവും നൽകുവാൻ ശരാശരി 84 കോടി രൂപ ആവശ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശരാശരി 30 കോടി രൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽ നിന്ന് സ്വരൂപിക്കാൻ കഴിയുന്നത്. ഇതും പ്രതിമാസം സർക്കാർ വായ്പാ ധനസഹായമായ 20 കോടി രൂപയിൽ നിന്നുള്ള 16 കോടി രൂപയും ചേർത്ത് മാസാന്ത്യം 46 കോടി രൂപ മാത്രമേ കോർപ്പറേഷന്റെ കൈവശം ഉണ്ടാവുകയുള്ളൂ. ആയതിനാൽ നെറ്റ് ശമ്പളവും വേതനവും നൽകുന്നത് തൊട്ടടുത്ത മാസം 15 മുതൽ 25 ദിവസം വരെയുള്ള പ്രതിദിന വരുമാനം കൂടി ചേർത്താണ്. സമീപ വർഷങ്ങളിൽ പ്രളയം കാരണം സർവ്വീസുകൾ താറുമാറായതിനാൽ ആ സമയം വളരെ കുറച്ച് ബസ്സുകൾ മാത്രമേ സർവ്വീസ് നടത്താൻ കഴിഞ്ഞുള്ളൂ. ഇക്കാരണത്താൽ വരുമാനത്തിൽ ഗണ്യ |

| | | | |
|---|---|---|---|
| | | | മായ കുറവുണ്ടായി. കൂടാതെ ഡ്രൈവർ മാരുടെ കുറവ് കാരണം ഷെഡ്യൂൾ ഓപ്പറേഷനിൽ കുറവ് വന്നതും കോർപ്പ റേഷന്റെ വരുമാനത്തിൽ കുറവുണ്ടായതിന് കാരണമാണ്. വിവിധ ഓയിൽ കമ്പനികൾ ക്കും, എസ്.ബി.ഐ ക്യാപ്സിനും നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുക നൽകുന്നതിലേക്കായി, മാസം തോറും സർക്കാർ നൽകുന്ന വായ്പാ ധനസഹായ ത്തിൽ നിന്നും 2019 ജൂൺ മാസം മുതൽ തുക കുറവ് ചെയ്യുന്നതും ശമ്പളം വൈകുന്ന തിന് കാരണമായിട്ടുണ്ട്. 2019 ഒക്ടോബർ മാസത്തിലെ ശമ്പളത്തിനായി അനുവദിച്ച തുകയിൽ നിന്നും 5 കോടി രൂപയും വിവിധ കുടിശ്ശികകൾ തീർക്കുന്നതിനായി കുറവ് വരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ സ്വന്തം വരുമാനത്തിൽ നിന്ന് പെൻഷന് ആവശ്യമായ ശരാശരി 62 കോടി രൂപ കണ്ടെത്താൻ കഴിയാത്ത തിനാൽ സർക്കാർ മുൻകൈയ്യെടുത്ത് സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘ ങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് നിലവിൽ പെൻഷൻ നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 124 കോടി രൂപയായിരുന്നു. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഫലമായി ഈ അന്തരം 30 കോടി രൂപ ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യിൽ നടത്തി വരുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർണ്ണമാകുന്ന മുറയ്ക്ക് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി യെ ലാഭത്തി ലാക്കുന്നതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ പ്രൊഫ. സുശീൽ ഖന്നയെ സർക്കാർ എന്നാണ് നിയമിച്ചതെന്ന് അറിയി ക്കാമോ; | (ബി) | 24-09-2016 ലെ GO(Rt) No. 367/2016/ Trans നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രൊഫ. സുശീൽ ഖന്നയെ സമഗ്ര പഠനത്തിനായി നിയോഗിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | 2017-ഏപ്രിലിൽ ഇടക്കാല റിപ്പോർട്ടും 2019-ൽ അന്തിമ റിപ്പോർട്ടും അദ്ദേഹം സമർപ്പിക്കുകയുണ്ടായോ; | (സി) | 2017-ഏപ്രിലിൽ ഇടക്കാല റിപ്പോർട്ടും 2019-ൽ അന്തിമ റിപ്പോർട്ടും അദ്ദേഹം സമർപ്പിക്കുകയുണ്ടായി. |
| (ഡി) | അന്തിമ റിപ്പോർട്ട് കിട്ടിയാലുടൻ നടപടി എടുക്കുമെന്ന് സർക്കാർ പലതവണ വ്യക്തമാക്കിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) യും (ഇ) യും | സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിൽ പുനരുദ്ധാരണ നടപടികൾ ആരംഭിച്ചിട്ടുള്ളതും ഭരണം, ഓപ്പറേഷൻ, സാമ്പത്തികം, മെക്കാനിക്കൽ എന്നീ വിഭാഗങ്ങളിൽ അനുബന്ധ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മേഖലാവൽകരണം, കൺസോർഷ്യം മുതലായവ ഇപ്രകാരം സ്വീകരിച്ച നടപടികളിൽ പ്രധാനമായവയാണ്. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന്മേൽ കെ.എസ്.ആർ.ടി.സി.യുടെ അഭിപ്രായം തേടിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ചർച്ചകൾ നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | എങ്കിൽ ഇപ്പോൾ എട്ടുമാസം പിന്നിടുമ്പോൾ ഈ റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരമുള്ള നടപടികൾ എന്നേയ്ക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ? | | |

**സെക്ഷൻ ഓഫീസർ**